## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 266 08.05.2017 ൽ മറുപടിയ്ക്ക്

## മൂന്നാറിലെ ഭൂമി കയ്യേറ്റം

**ചോദ്യം**

ശ്രീ.എം. വിൻസെന്റ്
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ.സണ്ണി ജോസഫ്
ശ്രീ. എ.പി. അനിൽ കുമാർ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കയ്യേറ്റക്കാർ മൂന്നാറിനെ കവർന്നെടുക്കുകയാണെന്നും ഈ നില തുടർന്നാൽ മൂന്നാർ ഭൂപടത്തിൽ നിന്നും അപ്രത്യക്ഷമാകുമെന്ന തരത്തിലുമുള്ള റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് നൽകിയിട്ടുണ്ടോ; | (എ)മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി, ലാന്റ് റവന്യൂ കമ്മീഷണർ ഒരു അവലോകന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഭൂരേഖകളും വ്യാജപട്ടയങ്ങളും, പരിശോധിക്കുവാനുള്ള റവന്യൂ വകുപ്പിന്റെ പരിശ്രമം പ്രാദേശിക രാഷ്ട്രീയ നേതാക്കളുടെ പ്രതിഷേധം മൂലം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) സർക്കാരിന്റെ 16/02/15 ലെ 69/2015/ആർ.ഡി. നംപർ ഉത്തരവിൽ അഞ്ച്നാട് വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേർ കക്ഷികൾക്കും നോട്ടീസ് നല്കി അവർ ഹാജരാക്കുന്ന രേഖകൾ ഓഫീസ് രേഖകളുമായി ഒത്തു നോക്കി തണ്ടപ്പേരിന്റെ കൃത്യത തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊട്ടാക്കമ്പൂർ വില്ലേജിലെ 33 തണ്ടപ്പേർ കക്ഷികൾക്ക് നോട്ടീസ് നല്കിയിരുന്നു. 31/08/16, 29/09/16 എന്നീ തീയതികളിൽ രേഖകൾ ഹാജരാക്കുവാനാണ് നോട്ടീസ് നല്കിയിരുന്നത്. എന്നാൽ പ്രസ്തുത രണ്ട് ദിവസങ്ങളിലും തണ്ടപ്പേർ കക്ഷികളാരും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതും ടി രണ്ട് ദിവസങ്ങളിലും ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസ് ന് മുൻപിൽ കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഉപരോധ സമരം നടത്തുകയും ചെയ്തിട്ടുള്ളതാണ്. |

| | | |
|---|---|---|
| (സി) | കെ. ഡി. എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ സർക്കാർ ഭൂമി വ്യാപകമായി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) | പരിസ്ഥിതി പ്രാധാന്യമുള്ള ഭൂമിയിൽ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയും ഭൂമാഫിയ കയ്യടക്കിയതായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരെ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ഡി) ഇപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അന്യവകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഒഴിപ്പിക്കുന്നതിന് രേഖകളുടെ പരിശോധനയും ഒഴിപ്പിക്കൽ നടപടികളും നടന്നു വരുന്നു. |
| (ഇ) | നിയമസഭയുടെ പരിസ്ഥിതി സമിതി, മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന് അതിന്റെ ഒന്നാമത് റിപ്പോർട്ടിൽ ശുപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ശുപാർശ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ